Downloaded From : http://cbseportal.com/

# CENTRAL BOARD OF SECONDARY EDUCATION

## SAMPLE QUESTION PAPER FOR TERM I AISSCE 2021

## മാതൃകാചോദ്യപേപ്പർ 2021

**STD: XII**

**MALAYALAM (മലയാളം): CODE - 112**

**TIME ALLOWED: 90 MINUTES** **MAXIMUM MARKS: 40**

This Question paper is divided into three sections

Section A – Reading – 6 Marks

Section B – Grammar – 4 Marks

Section C – Literature Prose and Poetry – 30 Marks

---

**I.** **SECTION: A – READING 6 Marks**

1. താഴെ കൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

നമ്മുടെ ഹരിതസുന്ദരമായ ഭൂമി മരുഭൂമിയായി മാറിക്കൊണ്ടിരിക്കുകയാണ്. ഭൂമിയുടെ ചൂട് ക്രമാതീതമായി വർദ്ധിച്ചുവരികയാണ്. ഈ അവസ്ഥ നമ്മെക്കൊണ്ടെത്തിക്കുന്നത് ആഗോളതാപനം എന്ന പ്രശ്നത്തിലേക്കാണ്.അന്തരീക്ഷത്തിൽ ഓക്സിജൻ്റെ അളവ് കുറയുകയും കാർബൺ ഡൈ ഓക്സൈഡിൻ്റെ അളവ് കൂടുകയും ചെയ്യുന്നത് കൊണ്ടാണ് ആഗോളതാപനം ഉണ്ടാകുന്നത്.

ജനസംഖ്യ കൂടുന്നതനുസരിച്ച് കാടുകളും മരങ്ങളും കുറഞ്ഞുവരികയാണ്. അന്തരീക്ഷത്തിൽ ഓക്സിജൻ്റെയും കാർബൺഡൈഓക്സൈഡിൻ്റെയും അളവ് തുലനം ചെയ്തു നിർത്തുന്നത് മരങ്ങളാണ്. ജനസംഖ്യാവർദ്ധനവും സസ്യങ്ങളുടെ കുറവും അന്തരീക്ഷത്തിൽ കാർബൺ ഡൈ ഓക്സൈഡിൻ്റെ അളവ് കൂടാൻ ഇടയാക്കുന്നു.

ഹരിതഗ്രഹവാതകങ്ങൾ എന്നറിയപ്പെടുന്ന കാർബൺ മോണോക്സൈഡ്, മീഥെയിൻ എന്നിവയാണ് ആഗോളതാപനത്തിനു വഴിവയ്ക്കുന്ന പ്രധാനവില്ലന്മാർ.ഇങ്ങനെ ചൂട് കൂടിക്കൂടി നമ്മുടെ മഞ്ഞുമലകളെല്ലാം ഉരുകിയൊലിക്കുകയാണ് .മഞ്ഞുമലകൾ ഉരുകിയൊലിച്ചു വെള്ളം സമുദ്രത്തിലെത്തും. വെള്ളപ്പൊക്കവും സുനാമി പോലുള്ള വൻദുരന്തങ്ങളുമാവും പിന്നീടുണ്ടാകുന്നത്.മാത്രമല്ല സമുദ്രനിരപ്പുയർന്നാൽ ദ്വീപുകളെല്ലാം വെള്ളത്തിനടിയിലാകും.ജീവജാലങ്ങൾ ഒന്നോടെ ചത്തൊടുങ്ങും.

Downloaded From : http://cbseportal.com/ Courtesy : CBSE

Downloaded From :http://cbseportal.com/

ഫ്രിഡ്ജുകൾ, എയർ കണ്ടീഷനറുകൾ തുടങ്ങിയ ആഡംബരവസ്തുക്കളുടെ അമിതമായ ഉപയോഗം ഹരിതഗ്രഹവാതകങ്ങളുടെ അളവ് കൂട്ടുന്നു. ഇവയുടെ ഉപയോഗം പരമാവധി കുറയ്ക്കണം.സി.എൻ.ജി പോലുള്ള കാര്യക്ഷമമായ ഇന്ധന ങ്ങൾ ഉപയോഗിക്കുന്നത് വഴി വാഹനങ്ങളിൽ നിന്നുള്ള മലിനീകരണം കുറയ്ക്കാം. അത് പോലെ ഫാക്ടറികൾക്കും വ്യവസായസ്ഥാപനങ്ങൾക്കും അൺവാണ്ടഡ് ഗ്യാസ് ഡിസ്പോസൽ ചിമ്മിനികൾ ഉപയോഗിക്കാവുന്നതാണ്. ആഗോളതാപനം മൂലം ഭൂമി യുടെ രക്ഷാകവചമായ ഓസോൺപാളികൾക്ക് വിള്ളലുണ്ടാകുന്നു. തത്ഫലമായി ആസിഡുമഴ, വർണ്ണമഴ ഇവ ഉണ്ടാകുന്നു. ഒരു വ്യക്തിയോ രാജ്യമോ വിചാരിച്ചാൽ പരിഹരിക്കപ്പെടാവുന്ന ഒന്നല്ല ആഗോളതാപനം. എല്ലാ രാജ്യങ്ങളും ഈ പ്രശ്നത്തി നെതിരെ കൈകോർക്കണം.അടുത്ത് നടക്കുന്ന പാരിസ്ഥിതിക ഉച്ചകോടി സമ്മേളന ത്തിൽ ആശ്വാസകരമായ പ്രഖ്യാ പനം ഉണ്ടാകുമെന്ന് നമുക്ക് പ്രത്യാശിക്കാം.

ഏതെങ്കിലും 6 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (6x1 =6)

1. നമ്മുടെ ഹരിതസുന്ദരമായ ഭൂമി ഇന്ന് എന്തായി മാറിക്കൊണ്ടിരിക്കുക യാണ് ?

   (മരുഭൂമി, വനഭൂമി, ഹിമാനി, സമതലം)

2. ഭൂമിയുടെ ചൂട് ക്രമാതീതമായി വർദ്ധിക്കുന്നത് നമ്മെക്കൊണ്ടെത്തിക്കു ന്നത് ഏത് പ്രശ്നത്തിലേക്കാണ് ?

   (സ്വകാര്യവത്ക്കരണം, ആഗോളതാപനം, ഉദാരവത്ക്കരണം, നഗരവത്ക്ക രണം)

3. അന്തരീക്ഷത്തിൽ ഓക്സിജൻ്റെയും കാർബൺ ഡൈ ഓക്സൈഡിൻ്റെയും അള വ് തുലനം ചെയ്തു നിർത്തുന്നത് ആര് ?

   (നദികൾ, മനുഷ്യർ, മരങ്ങൾ, ജന്തുക്കൾ)

4. ആഗോളതാപനത്തിനു വഴി വയ്ക്കുന്ന പ്രധാന വില്ലൻ ആര് ?

   (ഹരിതഗ്രഹവാതകങ്ങൾ, ഹൈഡ്രജൻ സൾഫൈഡ്, ഡ്രൈഐസ്, കാർബൺ ഡൈഓക്സൈഡ്)

5. എന്ത് മൂലമാണ് ഭൂമിയുടെ രക്ഷാകവചമായ ഓസോൺ പാളികൾക്ക് വിള്ളൽ ഉണ്ടാകുന്നത് ?

   (വനനശീകരണം, ആഗോളതാപനം, ആസിഡ് മഴ, മണ്ണിടിച്ചിൽ)

Downloaded From :http://cbseportal.com/ Courtesy : CBSE

Downloaded From : http://cbseportal.com/

6. സമുദ്രനിരപ്പുയർന്നാൽ എന്ത് സംഭവിക്കും ?

(നദികൾ നിറയും, കടൽ പ്രക്ഷുബ്ധമാകും, ദ്വീപുകൾ വെള്ളത്തിനടി

യിലാകും, മഴ നിർത്താതെ പെയ്യും)

7. അന്തരീക്ഷത്തിൽ എന്തിൻ്റെ അളവ് കൂടുമ്പോഴാണ് ആഗോളതാപനം ഉണ്ടാകുന്നത് ?

(ഓക്സിജൻ, കാർബൺ ഡൈ ഓക്സൈഡ്, മീഥെയിൻ, ഫ്ലൂറിൻ)

II. **SECTION: B GRAMMAR – 4 MARKS**

**ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** **4 x 1 = 4**

8. ഉപമാനം ഭാവനാസൃഷ്ടമായിരിക്കുന്ന അലങ്കാരമേത് ?

(ഉപമ, ഉൽപ്രേക്ഷ, രൂപകം, സ്വഭാവോക്തി)

9. ഉൽപ്രേക്ഷയ്ക്ക് അടിസ്ഥാനം ധർമ്മമായിരിക്കുന്ന ഉൽപ്രേക്ഷ ഏത് ?

(ധർമ്മോൽപ്രേക്ഷ, ഹേതുൽപ്രേക്ഷ, ധർമ്മ്യുൽപ്രേക്ഷ, ഗമ്യോൽപ്രേക്ഷ)

10. വർണ്യവസ്തുവിനു അലങ്കാരശാസ്ത്രത്തിൽ പറയുന്ന പേരെന്ത് ?

(ഉപമാനം, ഉപമേയം, സാധാരണധർമ്മം, ഉപമാവാചകം)

11. 'ഉൽപ്രേക്ഷ' എന്ന വാക്ക് കൊണ്ട് അർത്ഥമാകുന്നതെന്ത് ?

(സാദൃശ്യം, ഊഹം, അതിശയം, വാസ്തവം)

12. വസ്തുൽപ്രേക്ഷ എന്നറിയപ്പെടുന്ന ഉൽപ്രേക്ഷ ഏത് ?

(ഫലോൽപ്രേക്ഷ, ധർമ്മോൽപ്രേക്ഷ, ഹേതുൽപ്രേക്ഷ, ധർമ്മ്യുൽപ്രേക്ഷ

**III.** **SECTION: C LITERATURE – 30 MARKS**

**a. ഏതെങ്കിലും 16 ചോദ്യങ്ങൾക്ക് ശരിയുത്തരം തെരെഞ്ഞെടുത്തെഴുതുക**

**16 x 1 = 16**

13. ദ്രാവിഡവഴക്കമാർന്ന ഭാവന, ഭാഷ എന്നിവയിലൂടെ മലയാളകവിതയിലെ ചൊല്ലൽ പാരമ്പര്യത്തെ തിരിച്ചുപിടിച്ച കവി ആര് ?

(കുഞ്ചൻനമ്പ്യാർ, കടമ്മനിട്ട രാമകൃഷ്ണൻ, ഡി.വിനയചന്ദ്രൻ, സച്ചിദാനന്ദൻ)

14. കണ്ണാടി കാണ്മോളവും തന്നുടെ മുഖമേറ്റം നന്നെന്ന് നിരൂപിക്കുന്നതാര് ?

(പണ്ഡിതന്മാർ, അലസന്മാർ, വിരൂപന്മാർ, സുന്ദരന്മാർ)

Downloaded From : http://cbseportal.com/ Courtesy : CBSE

Downloaded From : http://cbseportal.com/

15. “മത്തേഭം പാംസുസ്നാനം കൊണ്ടല്ലോ സന്തോഷിപ്പൂ” - ഇത് ദുഷ്യന്തൻ്റെ ഏത് സ്വഭാവത്തെ സൂചിപ്പിക്കുന്നു ?

(സ്ത്രീനിന്ദ, മറ്റുള്ളവരെ കുറ്റപ്പെടുത്തുമ്പോൾ ദുർജ്ജനങ്ങൾക്ക് ലഭിക്കുന്ന ആനന്ദം, സ്ത്രീ അബലയാണെന്ന ബോധം, സ്ത്രീകൾ ധിക്കാരികളാണെന്ന ബോധം)

16. “ജഗത്തിൻ നിറമാലകൾ തൂക്കും ഞാൻ” - എന്ത് കൊണ്ടാണ് നിറമാലകൾ തൂക്കുന്നത് ?

(കൈകൾ കൊണ്ട്, കുടൽമാലകൾ കൊണ്ട്, തലകൾ കൊണ്ട്, കാലുകൾ

കൊണ്ട്)

17. സത്യം, ധർമ്മം ആദിയായവ വെടിയുന്ന പുരുഷനെ എന്തിനേക്കാളും കൂടുതൽ ഭയക്കണമെന്നാണ് കവി പറയുന്നത് ?

(സർപ്പത്തെക്കാൾ, സിംഹത്തെക്കാൾ, കഴുകനെക്കാൾ, ഗജത്തെക്കാൾ)

18. കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാര് ?

(ചെറുശ്ശേരി, കുഞ്ചൻ നമ്പ്യാർ, എഴുത്തച്ഛൻ, പൂന്താനം)

19. “കണ്ണാടി കാണ്മോളവും” എന്ന പാഠഭാഗം മഹാഭാരതത്തിലെ ഏത് പർവ്വത്തിൽ നിന്നുമെടുത്തിട്ടുള്ളതാണ് ?

(ആദിപർവ്വം, സ്ത്രീപർവ്വം, ഉദ്യോഗപർവ്വം, സംഭവപർവ്വം)

20. “സുരസ്ത്രീ സമയായ കൗശികപുത്രിയോടും” - ഇവിടെ കൗശികൻ ആര്?

(വസിഷ്ഠൻ, വിശ്വാമിത്രൻ, കണ്വൻ, ഭരദ്വാജൻ)

21. കാട്ടാറിൻ തരിവളമുട്ടി ചോലമരത്തിൻചോട്ടിൽ ചുവടൊത്തു കളിക്കുന്നതാര്?

(കുട്ടികൾ, കാടത്തികൾ, തമ്പുരാട്ടിമാർ, കാട്ടാളന്മാർ)

22. “വല്ലഭനോടും കൂടി സന്തോഷം പ്രാപിച്ചാൾ” - ആര് ?

(മേനക, ശകുന്തള, ദമയന്തി, രംഭ)

23. ‘ഉലകാകെയുലയ്ക്കും മട്ടിൽ അലറി’ - ആര് ?

(നാട്ടാളൻ, കവി, കാട്ടാളൻ, ആൺപൈതങ്ങൾ)

24. “കുലടയായ നീ വന്നെന്നോടു കുലീനയെ-

ന്നലസാലാപം ചെയ്തതഖിലമലമലം - ഇവിടെ ‘കുലട’ എന്ന് ശകുന്തളയെ വിളിക്കാൻ കാരണമെന്ത് ?

(മാതാപിതാക്കളാൽ പരിത്യക്തയായതിനാൽ, വിളിക്കാതെ വന്നതിനാൽ, കോകില നാരിയായതിനാൽ, അഹങ്കാരിയായതിനാൽ)

25. ആരെ കണക്കാണ് കാട്ടാളൻ മഴനീരിന് മാനം നോക്കിയിരുന്നത് ?

Downloaded From : http://cbseportal.com/ Courtesy : CBSE

Downloaded From : http://cbseportal.com/

(ചക്രവാകപ്പക്ഷി, വേഴാമ്പൽപ്പക്ഷി, കോകിലം, ശകുന്തപ്പക്ഷി)

26. "നിന്നുടെ ജന്മത്തെക്കാൾ ശ്രേഷ്ഠമെന്നുടെ ജന്മം" എന്ന് ശകുന്തള പറയുന്നതെ ന്തു കൊണ്ടാണ് ?

(മനുഷ്യസ്ത്രീയിൽ പിറന്നതുകൊണ്ട്, ദേവസ്ത്രീയിൽ പിറന്നതുകൊണ്ട്, ആശ്രമകന്യകയായതു കൊണ്ട്, കണ്വമഹർഷി വളർത്തിയതു കൊണ്ട് )

27. ഭക്തിയിലൂടെ ഒരു ജനതയെ പരിവർത്തിപ്പിക്കുക എന്ന ചരിത്രദൗത്യം നിർവ ഹിച്ച കവിയാര് ?

(ചെറുശ്ശേരി, ഉണ്ണായി വാര്യർ, എഴുത്തച്ഛൻ, പുനം നമ്പൂതിരി)

28. സാമുവേൽ ബെക്കെറ്റിൻ്റെ "വെയ്റ്റിങ് ഫോർ ഗോദോ" എന്ന കൃതി മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്ത കവിയാര് ?

(അയ്യപ്പപ്പണിക്കർ, വൈലോപ്പിള്ളി, കടമ്മനിട്ട രാമകൃഷ്ണൻ, ബാലചന്ദ്രൻ ചുള്ളിക്കാട്)

29. "മേദിനിയിലും പുനരന്തരീക്ഷത്തിങ്കലും

ഭേദമെന്നിയെ നടന്നീടാമെനിക്കെടോ" - ഇവിടെ 'മേദിനി' എന്നത് കൊണ്ട്

അർത്ഥമാക്കുന്നത് എന്തിനെയാണ് ?

(പാതാളത്തെ, സ്വർഗത്തെ, ആകാശത്തെ, ഭൂമിയെ)

30. 'ആകാശത്തച്ഛൻ ചത്തുകിടപ്പതുകണ്ടു നടുങ്ങി'-ആരാണ് നടുങ്ങിയത്?

(കാടത്തികൾ, കാട്ടാളൻ, അമ്മ, കരിമ്പുലി)

31. ശകുന്തള പുത്രനോടൊപ്പം എത്തിച്ചേർന്നത് എവിടെ?

(ദേവലോകത്തിൽ, ദുഷ്യന്തന്റെ കൊട്ടാരത്തിൽ, വനത്തിൽ,

നാഗലോകത്തിൽ)

32. 'കിരാതവൃത്തം' എന്ന കവിതയ്ക്ക് അടിത്തറ പാകിയ കലാരൂപമേത്?

(തിറ, തെയ്യം, പടയണി, കാക്കാരിശ്ശി)

**b) ഏതെങ്കിലും 14 ചോദ്യങ്ങൾക്ക് ശരിയുത്തരമെഴുതുക. 14x1=14**

33. ജീവിതത്തിൻ്റെ വിരസതയും വരണ്ട സ്വഭാവവും ആവിഷ്കരിക്കാൻ ഭാഷയിൽ പാരുഷ്യത്തിൻ്റെ സിംഫണി കണ്ടെത്തിയ എഴുത്തുകാരൻ ആര്?

(എം.ടി.വാസുദേവൻ നായർ, പി.പത്മരാജൻ, സക്കറിയ,സന്തോഷ് എച്ചിക്കാനം)

34. സന്ദർശക ഇച്ഛാഭംഗത്തോടെ എഴുന്നേറ്റതെപ്പോൾ ?

(യുവതിയുടെ ദുഃഖം കണ്ടിട്ട്, മുറിയിൽ നിശ്ശബ്ദതയുടെ നിഴൽ

Downloaded From : http://cbseportal.com/ Courtesy : CBSE

Downloaded From : http://cbseportal.com/

കനക്കുന്നതറിഞ്ഞ്, യുവാവ് മരിക്കാറായി എന്ന് മനസ്സിലാക്കിയിട്ട്, ഡോക്ടർ റൗണ്ട്സിന് വരുന്നത് കണ്ടിട്ട്)

35. ദിവാകരനെ ഭയപ്പെടുത്തിയതെന്ത് ?

(തെരുവിലെ നിശ്ശബ്ദത, ചിത്രങ്ങളുടെ സംഖ്യ, ഇരുട്ട് , കടകളിൽ

നിറച്ചിരിക്കുന്ന പ്രകാശം)

36. “കഷ്ടം! കിശോരലാലിൻ്റെ വർഗത്തിന് അഹന്ത ഇപ്പോഴുമുണ്ട്. അങ്ങോർക്ക് ഒടുവിലുണ്ടായ തിരിച്ചറിവ് ഈ ജന്മം ഇവറ്റയ്ക്കൊട്ടു കിട്ടുകയുമില്ല” - ആരുടേതാണീ വാക്കുകൾ ?

(പൊൻകുന്നം വർക്കി, ആൺഗൗളി, പെൺഗൗളി, യുവതി)

37. ദിവാകരനെ ഒരു വലിയ കടലാസുകൂട്ടിലാക്കി ഭംഗിയായി പൊതിഞ്ഞ താര് ?

(കുട്ടികൾ, വഴിയാത്രക്കാരൻ, കടക്കാരൻ, അച്ഛനമ്മമാർ)

38. ആൺഗൗളി മുജ്ജന്മത്തിൽ ആരായിരുന്നു എന്നാണ് പറയുന്നത് ?

(ഡോക്ടർ, കഥാകൃത്ത്, സന്ന്യാസി, ഗൗളി)

39. "ഏതെങ്കിലും കുറെ പടങ്ങൾ പോരേ ഇന്നത് തന്നെ വേണമെന്ന് നിർബ ന്ധം പിടിക്കുന്നത് അത്രബുദ്ധിയാണോ ? വെറുതെ സമയം പാഴാണ് "- ഇങ്ങനെ പറയുന്നതാര് ?

(ദിവാകരൻ, കുട്ടികൾ, കച്ചവടക്കാരൻ, വഴിയാത്രക്കാരൻ)

40. പ്രാപഞ്ചിക ദുഖത്തിൻ്റെ കാരണം കണ്ടെത്താൻ കൊട്ടാരവും കിരീടവും വെടിഞ്ഞതാര് ?

(ആൺഗൗളി, അശോക ചക്രവർത്തി, ശ്രീബുദ്ധൻ, യുവാവ്)

41. ദിവാകരൻ ഭയപ്പാടോടെ അറിഞ്ഞതെന്ത് ?

(പുറത്തു നേരംവെളുത്തു തുടങ്ങുന്നത്, കടകൾ രാത്രിയിലും അടയ്ക്കു കയില്ലെന്നത്, കുട്ടികളുടെ തിരച്ചിൽ തൻ്റെ മുന്നിൽ ഒടുങ്ങുന്നു എന്നത്, ചിത്രങ്ങൾ കണ്ടെത്താമെന്ന ആത്മവിശ്വാസം നഷ്ടപ്പെടുന്നത്)

42. 'അവകാശങ്ങളുടെ പ്രശ്നം' എന്നകൃതി ഏത് സാഹിത്യവിഭാഗത്തിൽപെടുന്നു?

(നോവൽ, ചെറുകഥ, നാടകം, യാത്രാവിവരണം)

43. സ്ത്രീ ജീവിതത്തിൻ്റെ വൈവിധ്യങ്ങൾ കഥകളിൽ ആവിഷ്കരിച്ച എഴു ത്തുകാരി ആര് ?

(കെ.ആർ.മീര, ഗ്രേസി, ചന്ദ്രമതി, സാറാ ജോസഫ്)

44. “അങ്ങോർ മലയാളത്തിലെ ഒരു കഥാകൃത്തായിരുന്നു”- ആരെപ്പറ്റിയാണ് ആൺഗൗളി ഇങ്ങനെ പറയുന്നത് ?

Downloaded From : http://cbseportal.com/ Courtesy : CBSE

Downloaded From : http://cbseportal.com/

(എസ്.കെ.പൊറ്റെക്കാട്, കേശവദേവ്, പൊൻകുന്നം വർക്കി, തകഴി)

45. ബുധനാഴ്ച ദിവസം ഗൗളി ഏത് ദിക്കിൽ ചിലച്ചാലാണ് ബന്ധു മരണം നിശ്ചയമായിട്ടുള്ളത് ?

(തെക്കുകിഴക്ക്, തെക്കുപടിഞ്ഞാറ്, വടക്ക്കിഴക്ക്, തെക്കുവടക്ക്)

46. ഉപഭോക്താവിന്റെ ഇഷ്ടാനിഷ്ടങ്ങൾക്ക് നിന്നുകൊടുക്കാതെ ഉൽപ്പന്നങ്ങളുടെ പ്രളയത്തിൽ അവനെ മുക്കിക്കൊല്ലുന്ന വിപണനതന്ത്രം ധ്വനിപ്പിക്കുന്ന പത്മരാജൻ്റെ കൃതിയേത്?

(അപരൻ, കരിയിലക്കാറ്റു പോലെ, അവകാശങ്ങളുടെ പ്രശ്നം, പത്മരാജൻ്റെ കഥകൾ)

47. "സ്വൈരമായി ചാകാൻ കൂടി സമ്മതിക്കില്ല ഈ വർഗ്ഗം" - ആൺഗൗളി ആരെപ്പറ്റിയാണ് ഇങ്ങനെ പറയുന്നത് ?

(യുവാവിനെ, ഡോക്ടറിനെ, സന്ദർശകയെ, യുവതിയെ)

48. ചെറുപ്പക്കാരിയുടെ കണ്ണുകളിൽ നിന്ന് രണ്ട് നീർത്തുള്ളികൾ പ്രയാണം ആരംഭിച്ചു - എപ്പോൾ ?

(ഡോക്ടറെ കണ്ടപ്പോൾ, സന്ദർശകയുടെ വാക്കുകൾ കേട്ടപ്പോൾ, എൻ്റെ കുഞ്ഞിനെ നീ കൊന്നുകളയുമോ എന്ന യുവാവിൻ്റെ ചോദ്യം കേട്ടപ്പോൾ, ഗൗളി ചിലയ്ക്കുന്നത് കേട്ടപ്പോൾ)

49. എന്തു മുന്നറിയിപ്പ് ചീന്തിയെറിഞ്ഞാണ് ആൺഗൗളിയും പെൺഗൗളി യും ദാമ്പത്യം ശീലിക്കാൻ തുടങ്ങിയത് ?

(ആരോഗ്യത്തിന് ഹാനികരം, ജീവിതം സുഖകരമാണെന്ന ധാരണ, പരസഹായം സ്വീകരിക്കരുതെന്ന ചിന്ത, പരസ്പരബഹുമാനമുണ്ടാകണം എന്ന ധാരണ)

50. ദിവാകരൻ്റെ മുഖം സന്തോഷം കൊണ്ട് വികസിച്ചതെപ്പോൾ ? (തൻ്റെ പ്രിയപ്പെട്ടവരുടെ ചിത്രങ്ങൾ കണ്ടപ്പോൾ, ഞങ്ങൾക്ക് നിങ്ങളെ സഹായിക്കാൻ കഴിഞ്ഞേക്കും എന്ന് കച്ചവടക്കാർ പറഞ്ഞത് കേട്ടപ്പോൾ, കുട്ടികളെ കണ്ടപ്പോൾ, തെരുവിൽ മരിച്ചവരുടെ ഛായാപടങ്ങൾ വിൽക്കുന്ന ആയിരക്കണക്കിന് കടകൾ ഉണ്ടെന്ന് കേട്ടപ്പോൾ)

*****************

Downloaded From : http://cbseportal.com/ Courtesy : CBSE